## കെ.എസ്.എഫ്.ഇ.യുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) പോളിസി

1. ആമുഖം

കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി കമ്പനിയുടെ സ്റ്റേക്ക്ഹോൾഡേഴ്സിനോടുള്ള ഉത്തരവാദിത്തവും കമ്പനിയുടെ ബിസിനസ്സ് സാമ്പത്തികമായും, സാമൂഹികമായും, പാരിസ്ഥിതികമായും സുതാര്യമായി നടത്തുവാനുള്ള പ്രതിബദ്ധതയും വ്യക്തമാക്കുന്നു.

2. ഉദ്ദേശ്യലക്ഷ്യങ്ങൾ

(i) കമ്പനിയുടെ CSR പ്രവർത്തനങ്ങൾക്കു വേണ്ടി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതിയ്ക്ക് രൂപം നൽകുക.
(ii) കമ്പനിയുടെ ബിസിനസ്സുമായി CSR പ്രവർത്തനങ്ങളെ ബന്ധപ്പെടുത്തുക.
(iii) തഴെ പറയുന്ന തരത്തിലുള്ള പദ്ധതികളാണ് കമ്പനി നടപ്പിലാക്കുക.
   a. സ്ഥിരമായതും നിലനിൽക്കുന്നതുമായ പദ്ധതികൾ
   b. വ്യക്തവും, തിട്ടപ്പെടുത്താവുന്നതുമായ ലക്ഷ്യങ്ങൾ ഉള്ള പദ്ധതികൾ.
   c. ഏറ്റവും അർഹമായ കാര്യങ്ങൾക്ക് / വ്യക്തികൾക്ക് ഗുണമുള്ള പദ്ധതികൾ.
(iv) കമ്പനിയുടെ CSR പ്രവർത്തനങ്ങൾ മോനിറ്റർ ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

3. കമ്മറ്റി രൂപീകരണം

CSR കമ്മറ്റിയിൽ കുറഞ്ഞത് 3 അംഗങ്ങൾ ഉണ്ടായിരിക്കണം. കമ്മറ്റി അംഗങ്ങളെ മാറ്റി പുതിയ അംഗങ്ങളെ ബോർഡിൽ നിന്നും ഉൾപ്പെടുത്താവുന്നതാണ്.

4. കമ്മറ്റിയുടെ യോഗങ്ങൾ

ആവശ്യമുള്ള സന്ദർഭങ്ങളിൽ കമ്മറ്റിയ്ക്ക് യോഗം കൂടാവുന്നതാണ്. അംഗങ്ങൾ എല്ലാ ക്വാർട്ടറിലും ഒരു യോഗം കുറഞ്ഞത്, കൂടിയിരിയ്ക്കണം.

5. CSR കമ്മറ്റിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

(i) കമ്പനി നടത്തുന്ന CSR പ്രവർത്തനങ്ങൾ വിലയിരുത്തുക. ഈ വിഷയത്തിൽ കമ്പനി നിയമം 2013ലെ ഷെഡ്യൂൾ VII മാർഗ്ഗ നിർദ്ദേശം നൽകുന്നു.
(ii) കെ.എസ്.എഫ്.ഇ.യുടെ CSR പദ്ധതികൾ വിഭാവനം ചെയ്ത് ബോർഡിന് ശുപാർശ ചെയ്യുക.
(iii) പദ്ധതികൾക്ക് ആവശ്യമായ ചിലവുകൾ ശുപാർശ ചെയ്യുക.
(iv) CSR പദ്ധതികൾ നടപ്പിലാക്കുന്നതിനായി സുതാര്യമായ വ്യവസ്ഥിതികൾക്ക് രൂപം നൽകുക. പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുക.
(v) നടപ്പിലാക്കിയ CSR പദ്ധതികളുടെ വാർഷിക റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുക.

6. ബോർഡിന്റെ ഉത്തരവാദിത്തങ്ങൾ

(i) CSR കമ്മറ്റിയുടെ ശുപാർശ പരിഗണിച്ച് CSR പോളിസി, CSR ചിലവുകൾ എന്നിവ അംഗീകരിക്കുക.
(ii) CSR പോളിസി അനുസരിച്ച് ഓരോ വർഷവും മുൻവർഷത്തിലെ ലാഭത്തിന്റെ (3 വർഷത്തെ ശരാശരി) 2% CSR പദ്ധതികൾക്ക് ചിലവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
(iii) CSR പദ്ധതിയിൽ പെടുത്തിയ പ്രവർത്തനങ്ങൾ കെ.എസ്.എഫ്.ഇ. നടപ്പിലാക്കുന്നുണ്ടെന്നും, പ്രസ്തുത പ്രവർത്തനം കമ്പനി നിയമം 2013-ന്റെ ഷെഡ്യൂൾ VII -ൽ വരുന്നതാണെന്നും ഉറപ്പു വരുത്തുക.
(iv) CSR പദ്ധതിയുടെ വിശദാംശങ്ങൾ കമ്പനിയുടെ വെബ് സൈറ്റിൽ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

(v) 2013-14 മുതലുള്ള ഡയറക്ടർ റിപ്പോർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുക.

a. CSR പോളിസിയുടെ വിശദാംശങ്ങളും, CSR കമ്മറ്റിയുടെ ഘടനയും.

b. CSR സംബന്ധിച്ചുള്ള വാർഷിക റിപ്പോർട്ട് Appendix-2 പ്രകാരം നൽകുക.

c. CSR ആവശ്യങ്ങൾക്ക് മാറ്റിവെച്ചിട്ടുള്ള തുക ചിലവാക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ അതിന്റെ വിശദീകരണം നൽകുക.

(vi) കമ്പനി നേരിട്ട് CSR പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഭാവിയിൽ കമ്പനി ഏതെങ്കിലും സൊസൈറ്റിയോ, ട്രസ്റ്റോ ആരംഭിക്കുകയാണെങ്കിൽ അതിലൂടെ നടത്താവുന്നതാണ്. മറ്റു ട്രസ്റ്റ്, സൊസൈറ്റി എന്നിവയിലൂടെ പദ്ധതി നടപ്പാക്കണമെങ്കിൽ അതിന് 3 വർഷത്തെ പ്രവർത്തന പരിചയമുള്ള സ്ഥാപനം ആണ് തിരഞ്ഞെടുക്കേണ്ടത്.

7. <u>CSR ചിലവുകൾ</u>

(i) കമ്പനിയുടെ 3 വർഷത്തെ ശരാശരി ലാഭത്തിന്റെ 2% ആണ് ഇതിനായി മാറ്റി വയ്ക്കേണ്ടത്.

(ii) അംഗീകൃത CSR പദ്ധതികൾക്ക് ചിലവാകുന്ന തുക മാത്രമെ ഇതിന്റെ പരിധിയിൽ വരികയുള്ളൂ.

(iii) ഷെഡ്യൂൾ VII -ൽ പ്രതിപാദിക്കാത്ത കാര്യങ്ങൾ CSR ന്റെ പരിധിയിൽ വരുന്നതല്ല.

(iv) ഇൻഡ്യയ്ക്ക് പുറത്ത് നടക്കുന്ന പദ്ധതികൾ ഇതിൻ കീഴിൽ വരുന്നതല്ല.

(v) CSR പരിപാടികളിൽ നിന്ന് മിച്ചം വരുന്ന തുക കമ്പനിയുടെ ലാഭത്തിന്റെ ഭാഗമാകുകയില്ല.

(vi) കമ്പനി ജീവനക്കാരുടെയും മറ്റും സംഭാവനകൾ CSR ന് വേണ്ടി സ്വീകരിച്ച് ചിലവാക്കാവുന്നതാണ്.

8. <u>CSR പദ്ധതികൾ</u>

1. കെ.എസ്.എഫ്.ഇ. പ്രധാനമായും താഴെ പറയുന്ന വിഭാഗങ്ങളിലാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്.

(i) സ്കൂൾ, കോളേജ്, ആശുപത്രികൾ, ഗ്രാമങ്ങൾ എന്നിവിടങ്ങളിൽ ശുദ്ധമായ കുടിവെള്ളം എത്തിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുവാനും

(ii) ആശുപത്രികൾക്കും, പാലിയേറ്റീവ് കെയർ സെന്ററുകൾക്കുമുള്ള ആമ്പുലൻസ്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുവാനും

(iii) അംഗവൈകല്യമുള്ളവർക്ക് വീൽ ചെയർ, ട്രൈസൈക്കിൾ, സ്കൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുവാനും

(iv) വൃദ്ധ മന്ദിരങ്ങൾ സ്ഥാപിക്കുവാനും, അനാഥരും, കണ്ണുകാണാത്തവർ തുടങ്ങിയവരെ സഹായിക്കുവാനും

(v) സ്ത്രീ സമത്വം, സ്ത്രീ ശാക്തീകരണം, കുട്ടികൾക്കു വേണ്ടി e-library സ്ഥാപിക്കുക എന്നിവ

(vi) പരിസ്ഥിതി സംരക്ഷണത്തിലും, പ്രകൃതി വിഭവ സംരക്ഷണത്തിലും ആവശ്യമായ നടപടികളെടുക്കുവനും

(vii) സ്പോർട്ട്സിന് ആവശ്യമായ സഹായം, ദേശീയ അന്തർദേശീയ കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് സഹായം നൽകുവാനും

(viii) പ്രധാനമന്ത്രിയുടെ നാഷണൽ റിലീഫ് ഫണ്ടിലേയ്ക്കും, കേന്ദ്ര ഗവണ്മെന്റ് സാമൂഹിക സാമ്പത്തിക പുരോഗതിയുടെ നടപടികൾ എന്നിവയിലേക്കും സംഭാവന ചെയ്യുവാനും

2. കൂടാതെ ഷെഡ്യൂൾ VII അനുസരിച്ചുള്ള മറ്റു പദ്ധതികൾ ഏറ്റെടുക്കുവാനും

3. ഇൻഡ്യയിൽ മാത്രമാണ് CSR പദ്ധതികൾ ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. കമ്പനിയുടെ ശാഖകൾക്ക് അടുത്തുള്ള സ്ഥലങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

9. <u>CSR പദ്ധതികളുടെ നടപ്പാക്കൽ</u>

(i) CSR പദ്ധതികൾ നടപ്പാക്കുന്നതിന് ഒരു ടീം ഉണ്ടാക്കുകയും ഒരു ഉദ്യോഗസ്ഥനെ, നയിക്കുന്നതിനായി ചുമതലപ്പെടുത്തുകയും വേണം.

(ii) കമ്പനി നേരിട്ടോ മറ്റു NGO പോലുള്ള. നോൺ പ്രോഫിറ്റ് ഓർഗനൈസേഷനു കളുമായി സഹകരിച്ചോ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

(iii) കെ.എസ്.എഫ്.ഇ. ജീവനക്കാരെയും വാളണ്ടിയർമാരായി അനുയോജ്യമായ പദ്ധതികളിൽ പങ്കെടുപ്പിക്കാവുന്നതാണ്.

(iv) കമ്പനിയുടെ പ്രവർത്തനങ്ങൾ ജീവനക്കാരെ അറിയിച്ചുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കാവുന്നതാണ്.

(v) മറ്റു കമ്പനികളുമായി വിഭവങ്ങൾ കൂട്ടിച്ചേർത്ത് കൊണ്ട് CSR പദ്ധതികൾ നടപ്പാക്കാവുന്നതാണ്. എന്നാൽ പ്രത്യേകം കണക്കുകൾ സൂക്ഷിക്കണം.

(vi) കമ്പനി നിയമം 2013 അനുസരിച്ച് താഴെ പറയുന്ന കാര്യങ്ങൾ CSR ന്റെ പരിധിയിൽ വരില്ല.

a. ഷെഡ്യൂൾ VII-ൽ പ്രതിപാദിക്കാത്ത കാര്യങ്ങൾ
b. കമ്പനിയുടെ സാധാരണ ബിസിനസ്സിന്റെ ഭാഗമായി വരുന്ന കാര്യങ്ങൾ
c. കെ.എസ്.എഫ്.ഇ. ജീവനക്കാർക്കും, കുടുംബാംഗങ്ങൾക്കും മാത്രം പ്രയോജനം ലഭിക്കുന്ന കാര്യങ്ങൾ
d. രാഷ്ട്രീയ പാർട്ടികൾക്ക് നേരിട്ടോ, അല്ലാതേയോ ഉള്ള സംഭാവനകൾ.

10. കെ.എസ്.എഫ്.ഇ.യുടെ ടീം അംഗങ്ങൾക്ക് CSR വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നത് സംബന്ധിച്ച്

കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തി പരിചയം ഉള്ള സ്ഥാപനങ്ങളിലൂടെ കെ.എസ്.എഫ്.ഇ. ടീമിന് പരിശീലനം നൽകാവുന്നതാണ്. ഇതിനുള്ള ചിലവ് ഒരു വർഷത്തെ CSR ചിലവിന്റെ 5% കൂടരുത്.

11. CSR റിപ്പോർട്ടിംഗ്

കമ്പനിയുടെ വാർഷിക റിപ്പോർട്ടിൽ CSR പദ്ധതികളുടെ വിശദാംശങ്ങൾ പ്രതിപാദിക്കണം. ഇത് അനുബന്ധം-2 പ്രകാരമായിരിക്കും.

CSR കമ്മറ്റിയുടെ പ്രവർത്തനം ഡയറക്ടേഴ്സ് റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

12. വെബ് സൈറ്റ്

CSR പോളിസിയും മറ്റ് വിവരങ്ങളും www.ksfe.com എന്ന കമ്പനിയുടെ വെബ് സൈററിൽ പ്രദർശിപ്പിക്കണം.

13. റിവ്യൂ & ആഡിറ്റ്

CSR കമ്മറ്റി, പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തി ക്വാർട്ടർലി അടിസ്ഥാനത്തിലെങ്കിലും മോണിറ്റർ ചെയ്യണം.

കെ.എസ്.എഫ്.ഇ. അതിന്റെ ഇന്റേണൽ കൺട്രോൾ സിസ്റ്റവും മറ്റും ഉപയോഗിച്ച് CSR പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യണം.

കൃത്യമായ കണക്കുകൾ സൂക്ഷിക്കുകയും ആഡിറ്റിന് ലഭ്യമാക്കുകയും വേണം.

14. മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച്

കാലാകാലങ്ങളിൽ CSR പോളിസിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.